**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3659** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി.ഉമ തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യണമെന്ന് ഹൈക്കോടതിയിൽ നിന്ന് നിർദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | ബഹു. ഹൈക്കോടതിയുടെ RP 1130/2022-ലും അനുബന്ധ കേസുകളിലുമായി പുറപ്പെടുവിച്ച 16/2/2023-ലെ വിധിന്യായത്തിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത ഹർജിക്കാർ ഉൾപ്പെടെ പെൻഷന് അർഹതയുള്ളവരിൽ 31/12/22 വരെ വിരമിച്ചവർക്ക് ജഡ്ജ്മെന്റ് തീയതി മുതൽ 45 ദിവസത്തിനകം ഒരു ലക്ഷം രൂപ കൊടുക്കുവാനും ബാക്കി തുക ഏപ്രിൽ 2023 മുതൽ കോർപ്പസ് ഫണ്ടിൽ നിന്നും റിട്ടയർമെന്റ് തീയതി കണക്കാക്കി മുൻഗണനാ ക്രമത്തിൽ വിതരണം ചെയ്യുവാനും ഉത്തരവായിരുന്നു. എന്നാൽ, കല്യാണം, രോഗം, പോലുള്ള അടിയന്തര ആവശ്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാനും ബഹു. കോടതി ഉത്തരവായി. പ്രസ്തുത വിധിന്യായം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയിലായി നാളിതുവരെ എത്ര കുടിശികയുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | 01/2022 മുതൽ 12/2022 വരെ 1002 ജീവനക്കാർ കോർപ്പറേഷന്റെ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. ഇതിൽ 26 ജീവനക്കാരുടെ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മിച്ചമുള്ള 976 ജീവനക്കാരിൽ നിന്നും, സേവന പുസ്തകത്തിലെ അപാകതകൾ പരിഹരിച്ച്, പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച 901 പേരുടെ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ വിതരണത്തിനായി ഏകദേശം 67.70 കോടി രൂപ ആവശ്യമായിവരുന്നുണ്ട്.<br><br>ഇതിനുപുറമെ 2019 മുതൽ 2021 വരെയുള്ള കാലയളവിൽ വിരമിച്ച ജീവനക്കാരുടെ സേവന പുസ്തകത്തിലെ അപകാതകൾ നിമിത്തം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതിരുന്ന 20 ജീവനക്കാരുടെ ആനുകൂല്യ വിതരണത്തിനായി ഏകദേശം 86 ലക്ഷം രൂപ വേണ്ടിവരും. |

| | | | |
|---|---|---|---|
| | | | 01/2022 മുതൽ 12/2022 വരെ വിരമിച്ച 1002 ജീവനക്കാരിൽ നിന്നും 829 പേർക്ക് പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മിച്ചമുള്ള 173 ജീവനക്കാരിൽ നിന്നും പ്രോവിഡന്റ് ഫണ്ട് ക്ലോഷർ വിതരണ നടപടികൾ പൂർത്തീകരിച്ച 67 പേരുടെ പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ വിതരണത്തിനായി 1.46 കോടി രൂപ ആവശ്യമായി വരുന്നുണ്ട്.<br><br>01/2022 മുതൽ 12/2022 വരെ വിരമിച്ച 1002 ജീവനക്കാരിൽ നിന്നും 52 പേർക്ക് ലീവ് സറണ്ടർ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മിച്ചമുള്ള 950 ജീവനക്കാരിൽ നിന്നും ലീവ് സറണ്ടർ ആനുകൂല്യ വിതരണ നടപടികൾ പൂർത്തീകരിച്ച 534 പേരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനായി 9.02 കോടി രൂപ ആവശ്യമായി വരുന്നുണ്ട്.<br><br>ഇത്തരത്തിൽ വിരമിച്ച ജീവനക്കാരിൽ നിന്നും പെൻഷൻ വിതരണ നടപടിക്രമങ്ങൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ / റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ആകെ 79.04 കോടിയോളം രൂപ ആവശ്യമായി വരുന്നുണ്ട്. |
| (സി) | പെൻഷനും റിട്ടയർമെന്റ് ആനുകൂല്യങ്ങളും കുടിശിക തീർത്ത് എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; ആയതിനായി എന്തെങ്കിലും പ്രത്യേക ക്രമീകരണം/മുൻഗണന ക്രമം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | 2022 ജനുവരി മാസം മുതൽ 2022 ഡിസംബർ മാസം വരെയുള്ള കാലയളവിൽ വിരമിച്ചതും, 2019 മുതൽ 2021 വരെയുള്ള കാലയളവിൽ വിരമിച്ചെങ്കിലും സേവന പുസ്തകത്തിലെ അപാകത നിമിത്തം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാതിരുന്നതുമായ 996-ഓളം പേരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുണ്ട്. ഇതിൽ നിന്നും പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ഏകദേശം 79.04 കോടി രൂപയോളം വേണ്ടിവരും. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഇത്രയും തുക ഒറ്റത്തവണയായി വിതരണം ചെയ്യുന്നത് അസാധ്യമായതിനാൽ, പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളായി വിതരണം ചെയ്യാൻ അനുവദിക്കണമെന്ന് കാട്ടി കോർപ്പറേഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനക്കായി ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേൽ വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം ആദ്യ ഘട്ടത്തിൽ അനുവദിക്കാൻ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മാത്രമല്ല ടി |

| | | | |
|---|---|---|---|
| | | | ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമേ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പൂർണ്ണമായും എന്ന്, എപ്രകാരം വിതരണം ചെയ്യാൻ സാധിക്കും എന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ